മലപ്പുറം	488	509	317	1,314
കോഴിക്കോട്	387	619	321	1,327
വയനാട്	238	452	317	1,007
കണ്ണൂർ	357	660	317	1,334
കാസർഗോഡ്	294	337	319	950
ആകെ	7,276	6,821	4,446	18,543

(സി) വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരുമിച്ചാണ് കേന്ദ്ര സഹായം അനുവദിക്കുന്നത്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി പ്രത്യേക തുക അനുവദിക്കാറില്ല. 2001-2002, 2002-2003 എന്നീ വർഷങ്ങളിലും, 2003-2004 വർഷത്തിൽ ഇതുവരെയായും സംസ്ഥാന പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച കേന്ദ്ര സഹായം തുക താഴെ കാണും പ്രകാരമാണ്.

		തുക ലക്ഷത്തിൽ
2001-2002	-	8,604 (2000-2001-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-2003	-	5,560
2003-2004 (ഇതുവരെ)	-	2,919

കാലവർഷക്കെടുതിക്ക് കേന്ദ്രസഹായം

4 (2760) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതിക്കായി കേന്ദ്രം എന്ത് തുകയാണ് സഹായമായി നൽകിയത്; ഓരോ വർഷവും ഇതിനായി എത്ര തുക ലഭിച്ചുവെന്നും വിശദമാക്കുമോ;

(ബി) ഈ വർഷത്തെ കാലവർഷക്കെടുതിക്ക് ദുരിതാശ്വാസമേകുവാൻ എന്ത് തുക അനുവദിച്ചു;

(സി) കാലവർഷക്കെടുതിയിൽ ഉണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ഉണ്ടായ നഷ്ടം എത്രയാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുവാൻ ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഓരോരുത്തർക്കും ഇതിനായി എത്ര രൂപ വരെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും, അനുവദിക്കാവുന്ന തുകയുടെ പരിധി എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കാലവർഷം, വരൾച്ച എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായുള്ള സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് ഒരുമിച്ചാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കാലവർഷക്കെടുതികൾക്ക് മാത്രമായി തുകയൊന്നും ലഭിച്ചിട്ടില്ല. 2001-2002, 2002-2003 എന്നീ വർഷങ്ങളിലും, 2003-2004-ൽ ഇതുവരെയും പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിലേക്ക് കേന്ദ്രവിഹിതമായി ലഭിച്ച തുക താഴെ കാണും പ്രകാരമാണ്.

തുക ലക്ഷത്തിൽ

2001-2002	-	8,604 (2000-2001-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-2003	-	5,560
2003-2004 (ഇതുവരെ)	-	2,919
	ആകെ	17,083

(ബി) കാലവർഷംമൂലമുണ്ടാകുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി ഈ സാമ്പത്തികവർഷം ഇതുവരെ 4,446 ലക്ഷം രൂപ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കാലവർഷക്കെടുതിയിൽ 7-7-2003 വരെ ലഭ്യമായ വിവരമനുസരിച്ചുള്ള നാശനഷ്ടത്തിന്റെ വിവരങ്ങൾ താഴെകാണും പ്രകാരമാണ്.

മരണം (പ്രായപൂർത്തിയായവർ)	-	23	
പരിക്കേറ്റവർ	-	36	
കാണാതായവർ		-	2
മാറ്റിപാർപ്പിക്കപ്പെട്ട കുടുംബങ്ങൾ		-	222
തുറന്ന ദുരിതാശ്വാസ ക്യാമ്പുകൾ		-	13
വീടുകൾ പൂർണ്ണമായി നശിച്ചത്	-	174	
നഷ്ടം		-	30,88,200 രൂപ

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾ ഭാഗികമായി നശിച്ചത് -	1185	
നഷ്ടം	-	48,88,901 രൂപ
കൃഷിനാശം	-	32,62,535 രൂപ
കാലിത്തൊഴുത്ത്/കിണർ നാശം -	1,17,000 രൂപ	

(ഡി) കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുവാൻ ജില്ലാ കളക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ജില്ലാ കളക്ടർമാരുടെ കീഴിൽ സബ്കളക്ടർമാരും, ആർ.ഡി.ഒ., തഹസീൽദാർമാർ എന്നിവരും ടി ചുമതല നിർവ്വഹിക്കുന്നുണ്ട്. നാശനഷ്ടത്തിന്റെ തീവ്രത അനുസരിച്ച് നോംസ് പ്രകാരം അർഹമായ സാമ്പത്തിക സഹായം നൽകുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിന് പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. ഓരോ ജില്ലാകളക്ടർമാർക്കും കാലവർഷക്കെടുതികൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക താഴെക്കാണും പ്രകാരമാണ്.

തുക ലക്ഷത്തിൽ

തിരുവനന്തപുരം	317
കൊല്ലം	317
ആലപ്പുഴ	317
പത്തനംതിട്ട	317
ഇടുക്കി	319
കോട്ടയം	317
എറണാകുളം	317
തൃശൂർ	317
പാലക്കാട്	317
മലപ്പുറം	317
കോഴിക്കോട്	321
വയനാട്	317
കണ്ണൂർ	317
കാസർഗോഡ്	319
ആകെ	4,446

LIBRARY ARCHIVES Kerala Legislative Assembly